**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5647** **16-03-2023 - ൽ മറുപടിയ്ക്ക്**

**ടെക്നോപാർക്കിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീമതി ഒ എസ് അംബിക | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ടെക്നോപാർക്കിന്റെ നൂതന സംരംഭമായ ക്വാഡ് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ടെക്നോപാർക്കിന്റെ നാലാംഘട്ടമായ ടെക്നോസിറ്റിയിൽ വികസിപ്പിക്കുന്ന ഒരേ ക്യാമ്പസിൽ ജോലി, ഷോപ്പിംഗ് സൗകര്യങ്ങൾ, പാർപ്പിട സൗകര്യങ്ങൾ, ആശുപത്രികൾ, സ്കൂളുകൾ, കോളേജുകൾ എന്നിവ ഉൾപ്പെടെയുള്ള സൗകര്യങ്ങളുള്ള ഒരു സംയോജിത മിനി ടൗൺഷിപ്പ് പദ്ധതിയായ 'QUAD' ന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഏകദേശം 30 ഏക്കറിൽ 1600 കോടി രൂപ മുതൽമുടക്കിൽ പദ്ധതി പൂർത്തിയാകുമ്പോൾ 40 ലക്ഷം ചതുരശ്ര അടി ബിൽറ്റ് - അപ്പ് സ്പെയിസ് സൃഷ്ടിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. 2025 പകുതിയോടെ പ്രസ്തുത പദ്ധതി പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു. |
| (ബി) | ടെക്നോപാർക്കിന് ഐ.ടി. സേവന കയറ്റുമതിയിൽ കൈവരിക്കാനായ നേട്ടം അറിയിക്കാമോ; നിലവിൽ ആകെ എത്ര ജീവനക്കാർ ടെക്നോപാർക്കിൽ തൊഴിലെടുക്കുന്നുണ്ട്; സുസ്ഥിര വികസനത്തിന്റെ ഫലമായി ക്രിസൽ റേറ്റിംഗ് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ടെക്നോപാർക്കിൽ 2016-17 കാലയളവിൽ 5000 കോടിയായിരുന്ന ഐ.ടി. കയറ്റുമതി 2021-22-ൽ 9775 കോടിയായി വളരുകയും ടെക്നോപാർക്കിന് 2023 ജൂൺ വരെ ക്രിസിൽ എ+/സ്റ്റേബിൾ റേറ്റിംഗ് ലഭിക്കുകയും ചെയ്തിട്ടുണ്ട്. സുസ്ഥിര വികസനത്തിന്റെ ഫലമായാണ് തുടർച്ചയായി രണ്ടാം വർഷവും ടെക്നോപാർക്കിന് ക്രിസിൽ എ+/സ്റ്റേബിൾ റേറ്റിംഗ് ലഭിച്ചിരിക്കുന്നത്. |
| (സി) | ഐ.ടി. വ്യവസായ വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യം സൃഷ്ടിക്കുന്നതിനായി കെ.എസ്.ഐ.ടി.ഐ.എൽ. മുഖേന സംസ്ഥാനത്ത് നടന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; കമ്പനിയുടെ പ്രവർത്തനത്തിനായി ഈ വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ? | (സി) | ഐ.ടി. വ്യവസായ വികസനത്തിനാവശ്യമായ അടിസ്ഥാന സൗകര്യം സൃഷ്ടിക്കുന്നതിനായി കെ.എസ്.ഐ.ടി.ഐ.എൽ. മുഖേന സംസ്ഥാനത്ത് നടന്നുവരുന്ന പ്രവർത്തനങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. കമ്പനിയുടെ പ്രവർത്തനത്തിനായി 2022-23 സാമ്പത്തിക വർഷം 201.79 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ